08958

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - സംസ്ഥാനത്തെ പുതിയ ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനാധാരമായതും 2011-12 അടിസ്ഥാന വർഷമായി തയ്യാറാക്കപ്പെട്ടതുമായ കുടുംബ ബഡ്ജറ്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 'ലിങ്കിംഗ് ഫാക്ടർ' അംഗീകരിച്ചും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പുതിയ ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ. ഉ. (എം. എസ്) നം. 34 /2015/തൊഴിൽ തിരുവനന്തപുരം, തീയതി, 26.03.2015.

---

പരാമർശം:- 1) 27.08.2010 ലെ സ.ഉ. (എം. എസ്) നമ്പർ. 104/2010/തൊഴിൽ നമ്പർ ഉത്തരവ്.
2) 31.08.2013 ലെ സ. ഉ (എം. എസ്) നമ്പർ. 103/2013/തൊഴിൽ നമ്പർ ഉത്തരവ്.
3) 29.08.2014 ലെ സ. ഉ (എം. എസ്) നം. 107/2014/തൊഴിൽ നമ്പർ ഉത്തരവ്.
4) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ജനറലിന്റെ 28.01.2015 ലെ എഫ്. ബി. എസ്. 18986/2014/ഡിഇഎസ് നമ്പർ കത്ത്.

## ഉത്തരവ്

കേരളത്തിലെ വ്യാവസായിക കാർഷിക മേഖലകളിലെ തൊഴിലാളികളുടെ ക്ഷാമബത്ത നിർണ്ണയിക്കുന്നതിനാധാരമായ പുതിയ ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിന് മുന്നോടിയായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി തയ്യാറാക്കിയ കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടിന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിരുന്നു. പ്രസ്തുത കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2011 -12 അടിസ്ഥാനവർഷമായി കണക്കാക്കി പുതിയ ഉപഭോക്തൃ വില സൂചിക നിർണ്ണയിക്കുന്നതിന് അത്യന്താപേക്ഷിതമായ "ലിങ്കിംഗ് ഫാക്ടർ" ന് പരാമർശം (3) ലെ ഉത്തരവ് പ്രകാരം പുനരുജ്ജീവിപ്പിച്ച കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി അംഗീകാരം നൽകുകയും ആയത് സർക്കാരിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി പരാമർശം (4) ലെ കത്ത് പ്രകാരം ലഭിച്ചിട്ടുള്ളതുമാണ്.

Department of Economics & Statistics

Family Budget Survey 2011 – Linking Factor

| Sl. No | Centres | Linking Factor |
|---|---|---|
| 1 | Kasargod | 2.05 |
| 2 | Kannur | 2.02 |
| 3 | Wayanad | 1.93 |
| 4 | Kozhikode | 2.02 |
| 5 | Malappuram | 2.00 |
| 6 | Palakkad | 2.09 |
| 7 | Thrissur | 1.87 |
| 8 | Chalakkudy | 2.00 |
| 9 | Ernakulam | 2.03 |
| 10 | Idukki | 1.97 |
| 11 | Mundakayam | 2.17 |
| 12 | Kottayam | 2.08 |
| 13 | Alappuzha | 2.05 |
| 14 | Pathanamthitta | 2.03 |
| 15 | Punalur | 2.10 |
| 16 | Kollam | 2.09 |
| 17 | Thiruvananthapuram | 2.11 |

മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കിയ "ലിങ്കിംഗ് ഫാക്ടർ" സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ ഉത്തരവ് പ്രകാരം പുനരുജ്ജീവിപ്പിച്ച കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി ശുപാർശ ചെയ്ത പ്രസ്തുത ലിങ്കിംഗ് ഫാക്ടർ അംഗീകരിക്കുന്നതി-നോടൊപ്പം തന്നെ ടി ലിങ്കിംഗ് ഫാക്ടറിന്റെ അടിസ്ഥാനത്തിൽ 2015 മാർച്ച് മാസം വരെയുള്ള ഉപഭോക്തൃ വില സൂചിക (കാർഷിക വ്യാവസായിക തൊഴിലാളികൾക്ക് വേണ്ടിയുള്ളത്) 1998-99 അടിസ്ഥാന വർഷമാക്കി പ്രസിദ്ധീകരിക്കുന്നതിനും തുടർന്നുള്ള മാസങ്ങളിലെ (2015 ഏപ്രിൽ മാസത്തെ മുതൽ) ഉപഭോക്തൃ വില സൂചിക 2011 -12 അടിസ്ഥാന വർഷമാക്കി പ്രസിദ്ധീകരിക്കുന്നതിനുമുള്ള അനുമതിയും സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് നൽകികൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ & ചെയർമാൻ, കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, പ്ലാനിംഗ് വകുപ്പ്.
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം. നം. 6508)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്. (Web & News media)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.